# നമ്മുടെ സ്കൂൾ വിദ്യാഭ്യാസം എങ്ങോട്ട് ?

നാടിന്റെ വികസനത്തിനനുസൃതമായി നമ്മുടെ വിദ്യാഭ്യാസത്തിന്റെയും രീതി മാറുക എന്നത് സ്വാഭാവികം മാത്രമല്ല കാലഘട്ടത്തിന്റെ അനിവാര്യതയുമാണ്. നമ്മുടെ സ്കൂൾവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാലാനുസൃമായി മാറ്റങ്ങൾ വരുത്താൻ പലശ്രമങ്ങളും നടന്നുകൊണ്ടിരിക്കുന്നു. 1952 മുതൽ വിദഗ്ധർ നടത്തിയ പഠനങ്ങളുടെയും വിവിധ കമ്മിറ്റികളുടെയും കമ്മീഷനുകളുടെയും ശുപാർശകൾക്കനുസരിച്ച് നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ പല ശ്രദ്ധേയ മാറ്റങ്ങളും വന്നിട്ടുണ്ട്. എന്നാൽ എത്ര റിപ്പയർ ചെയ്തിട്ടും സ്പെയർപാർട്ടുകൾ മാറ്റിവെച്ചിട്ടും മികച്ച ഡ്രൈവർമാർ വന്നിട്ടും ശരിയായ ദിശയിൽ പ്രതീക്ഷിതവേഗതയിൽ ചലിക്കാത്ത ഒരു ശകടംപോലെ ഇഴയുന്ന നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെപ്പറ്റി സ്വയം വിമർശനപരമായും സത്യങ്ങൾക്കുനേരെ കണ്ണടയ്ക്കാതെയും നാം തുറന്നു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിയ്ക്കുന്നു. 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി 1993-ൽ ആരംഭിച്ച ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി) വന്നപ്പോൾ അത് വേൾഡ് ബാങ്കിന്റെ ഹിഡൻ അജണ്ടയാണെന്നും സായിപ്പ് കണ്ടുപിടിച്ച പാഠ്യരീതി കേരളത്തിലെ കുട്ടികളുടെ മേൽ അടിച്ചേൽപ്പിക്കുകയാണെന്നും വിമർശനങ്ങൾ ഉയർന്നു. വടിയും ചോക്കും കൊണ്ട് ക്ലാസ്സിൽവരുന്ന അധ്യാപകനു പകരം കുട്ടികളുടെ മുമ്പിൽ പ്രവർത്തനാധിഷ്ഠിത പഠനരീതി അവതരിപ്പിക്കുന്ന ആളായി മാറാൻ നമ്മുടെ അധ്യാപകസമൂഹത്തിന് വൈമനസ്യം ഉണ്ടായിരുന്നു. എന്തായാലും അധ്യാപനരീതിയെപ്പറ്റി ഒട്ടേറെ സംവാദങ്ങളുയർത്താൻ ഡി.പി.ഇ.പിയ്ക്കു കഴിഞ്ഞു. ഇന്നിപ്പോൾ വിദ്യാഭ്യാസ അവകാശ നിയമം (Right to Education Act) അനുസരിച്ച് എട്ടാംക്ലാസ്സുവരെ നൂറു ശതമാനം ക്ലാസ് കയറ്റം (Whole Promotion) ആണ്. പഴയ ശിക്ഷാ രീതികൾ ഒന്നും കുട്ടികളുടെമേൽ പാടില്ലെന്ന നിയമവും നമ്മുടെ രാജ്യത്ത് നിലവിൽ വന്നു.

2001 വർഷം മുതൽ സർവ്വ ശിക്ഷാ അഭിയാൻ (SSA) പദ്ധതി നമ്മുടെ എൽ.പി., യു.പി സ്കൂളുകളിൽ നടപ്പാക്കുന്നു. ഇതിന്റെ നേട്ടങ്ങളും കോട്ടങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തുന്ന പഠനങ്ങൾ നടന്നിട്ടുണ്ടോ എന്നത് സംശയമാണ്. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർധിച്ചു എന്നത് നേട്ടം തന്നെയാണ്. പഠനരീതികളിലും ചെറിയ മാറ്റങ്ങൾ വന്നു എന്നതും സത്യം. എന്നാൽ മുൻ ധനകാര്യമന്ത്രി ശ്രീ തോമസ് ഐസക് അദ്ദേഹത്തിന്റെ വകുപ്പിൽ നടപ്പാക്കിയപോലെ സർവ്വ ശിക്ഷാ അഭിയാനെക്കുറിച്ചും ഒരു സോഷ്യൽ ഓഡിറ്റിംഗിന് നാം തയ്യാറാകണം.

2001 മുതൽ 2006 വരെ വിദ്യാഭ്യാസവകുപ്പിൽ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന നിലയിൽ പ്രവർത്തിച്ച പരിചയം ഈ ലേഖകനുണ്ട്. കമ്പ്യൂട്ടർ സാക്ഷരതയോടൊപ്പം ഐ.ടി സഹായത്തോടെ എല്ലാ വിഷയങ്ങളുടെയും പഠനം എളുപ്പമാക്കുക എന്ന വലിയ ലക്ഷ്യത്തിലേക്കെത്താൻ കരിക്കുലം നവീകരണം, പാഠപുസ്തകനിർമ്മാണം, പരീക്ഷാ പരിഷ്കരണം, അടിസ്ഥാനസൗകര്യ വികസനം, അധ്യാപക പരിശീലന ശൃംഖല കെട്ടിപ്പടുക്കൽ എന്നിവയ്ക്കുവേണ്ടി 2424 സർക്കാർ, 366 സർക്കാർ എയിഡഡ്, 366 അൺഎയിഡഡ് ഹൈസ്കൂളുകളിലെ പ്രശ്നങ്ങളുമായി ഇടപെടേണ്ടിവന്നപ്പോൾ വിദ്യാഭ്യാസ വകുപ്പിനെപ്പറ്റി ഒട്ടേറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. 2000 ത്തിൽ 56.18% ആയിരുന്ന SSLC പരീക്ഷാവിജയം 2013 മാർച്ചിൽ 94.17% ആയി മാറി. 'സേ' പരീക്ഷ കൂടി കണക്കാക്കുമ്പോൾ ആ വർഷത്തെ വിജയശതമാനം 99 കവിയും. ഏത് വിദ്യാഭ്യാസ സമ്പ്രദായത്തിലുണ്ട് ഇത്രയും വിജയശതമാനം? 2000 ത്തിന്റെ ആദ്യവർഷങ്ങളിൽ ഇന്നത്തെ MLA ആയ അഡ്വ.എം. ഉമ്മറിന്റെ നേതൃത്വത്തിലുള്ള മലപ്പുറം ജില്ലാ പഞ്ചായത്ത് 'വിജയഭേരി' എന്നൊരു പദ്ധതി നടപ്പാക്കിയിരുന്നു. SSLC പരീക്ഷയിൽ പിന്നാക്കം നിന്നിരുന്ന മലപ്പുറം ജില്ലയിലെ വിദ്യാർഥികളുടെ വിജയശതമാനം ഉയർത്തുക എന്നതായിരുന്നു ആത്യന്തികലക്ഷ്യം. പിന്നാക്കം നിൽക്കുന്ന സ്കൂളുകളിൽ അധ്യാപകരും രക്ഷിതാക്കളും വൈകുന്നേരവും രാത്രിയും നിന്ന് കുട്ടികൾക്ക് സ്പെഷ്യൽ കോച്ചിംഗ് നൽകിയിരുന്ന ആ പദ്ധതി വലിയ വിജയംകണ്ടു എന്നുവേണം കരുതാൻ. സമാനമായ പദ്ധതികൾ മറ്റു പല ജില്ലകളിലും നടപ്പാക്കിയിരുന്നു. ഇന്ന് ആ പദ്ധതികളുടെ ആവശ്യമില്ല. കാരണം SSLC എഴുതുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷത്തിനും വൻ വിജയം കരസ്ഥമാക്കാൻ യാതൊരു ആയാസവും എടുക്കേണ്ടതില്ല.

പണ്ട് SSLC യിൽ റാങ്ക് നേടുക എന്നത് പഠിക്കുന്ന ഏതൊരു വിദ്യാർഥിയുടേയും അവരുടെ രക്ഷിതാക്കളുടെയും ആഗ്രഹമായിരുന്നു. റാങ്ക് നേടുന്ന കുട്ടികളുടെ ഫോട്ടോ പത്രമാധ്യമങ്ങളിൽ വൻ പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചിരുന്നു. 2005 ൽ ഗ്രേഡിംഗ് സമ്പ്രദായം വന്നശേഷം SSLC പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും A+ നേടിയ കുട്ടികളുടെ പടം ആദ്യം വലുതായും പിന്നീട് സ്റ്റാമ്പ് സൈസിലും അതിനുശേഷം ഇപ്പോൾ കാര്യമായി ഒരു പത്രത്തിലും ഫോട്ടോ പ്രസിദ്ധീകരിക്കാത്ത സ്ഥിതിയിലേക്കും കാര്യങ്ങൾ എത്തി. എന്താണിതിനു കാരണം? കേരളത്തിലെ പൊതുസമൂഹം SSLC പരീക്ഷാ വിജയത്തിന് നൽകുന്ന പ്രാമുഖ്യം അത്രമാത്രമേയുള്ളൂ എന്നല്ലേ കരുതേണ്ടത്?

പ്രൊഫ. യു. ആർ. റാവുവിന്റെ അധ്യക്ഷതയിലും അന്നത്തെ വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന കെ. ജയകുമാറിന്റെ കാര്യദർശിത്വത്തിലുമുള്ള വിഷനിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരമാണ് 2000 ൽ ഐ.ടി@സ്കൂൾ പദ്ധതി രൂപം കൊണ്ടത്. കമ്പ്യൂട്ടർ പ്രവർത്തനം അറിയാവുന്ന അഥവാ പഠിക്കാൻ സന്നദ്ധരായ ഒരു കൂട്ടം സർക്കാർ സ്കൂൾ അധ്യാപകരുടെ സേവനസന്നദ്ധതയിലൂന്നിയാണ് 2001 മുതൽ ഐ ടി @ സ്കൂൾ പ്രോജക്റ്റ് പ്രവർത്തിച്ചത്. യു. ആർ. റാവു കമ്മിറ്റി നിർദേശിച്ചപോലെ ആദ്യം ഐ.ടി സാങ്കേതികവിദ്യ ഉപയോഗിച്ച് ഭാഷയും വിഷയങ്ങളും പഠിപ്പിക്കണമോ അതോ തമിഴ്നാട്ടും കർണാടകവും ചെയ്യുന്നതുപോലെ ഐ .ടി വിദ്യാഭ്യാസം മാത്രം മതിയോ എന്ന കാര്യത്തിൽ തുടക്കത്തിൽ വിദ്യാഭ്യാസ പ്രവർത്തകർക്കെല്ലാം ആശയക്കുഴപ്പം ഉണ്ടായിരുന്നു. തുടർന്നു നടന്ന ചർച്ചകളിലൂടെ ഐ.ടി ഒരു ടൂൾ ആണെന്നും അത് ആദ്യം സിലബസ്സിന്റെ ഭാഗമായി അവതരിപ്പിച്ച് സ്കൂളുകളിൽ അവശ്യംവേണ്ട ഭൗതിക സാഹചര്യവും അധ്യാപകർക്കുള്ള പരിശീലനവും കഴിഞ്ഞശേഷം ഐ.ടി അധിഷ്ഠിത വിദ്യാഭ്യാസത്തിലേക്ക് മുന്നേറാമെന്നും ഐ.ടി ഉപയോഗിച്ച് വിദ്യാർത്ഥി കേന്ദ്രിത സ്വയം പഠനരീതി കൊണ്ടുവരാമെന്നും തീരുമാനിക്കുകയുണ്ടായി.

ഇന്ന് ഐ.ടി വിദ്യാഭ്യാസം എവിടെ എത്തി നിൽക്കുന്നു? ഐ.ടി അധിഷ്ഠിത പഠനം എന്ന യഥാർത്ഥ ലക്ഷ്യത്തിലേക്ക് നാം എത്തിച്ചേർന്നോ? അധ്യാപകർ മുഴുവൻ സമയവും വായകൊണ്ട് പഠിപ്പിക്കുകയും വിദ്യാർഥി മിണ്ടാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷത്തിന് എത്രത്തോളം മാറ്റം വന്നു? ഇത് സംബന്ധിച്ച സമഗ്രമായൊരു പഠനം ആവശ്യമാണ്.

ഐ.ടി പരീക്ഷയോടൊപ്പം ഗ്രേഡിംഗ് ആരംഭിക്കുന്ന 2005-ൽ എല്ലാവരും ആശങ്കപ്പെട്ടിരുന്നത് നിരന്തരവും സമഗ്രവുമായ മൂല്യനിർണ്ണയം (CCE) എന്ന നിലയിൽ നടപ്പാക്കിയ പരീക്ഷാരീതി സ്കൂളുകളും അധ്യാപകരും ചേർന്ന് ദുരുപയോഗം ചെയ്യുമോ എന്നതായിരുന്നു. അധ്യാപകരുടെ രാഷ്ട്രീയചായ്‌വും ചില മാനേജ്മെന്റിന്റെ താല്പര്യങ്ങളും കുട്ടികളുടെ ഗ്രേഡിനെ ബാധിക്കുമെന്നും ആരോപണമുണ്ടായി. എന്നാൽ സംഭവിച്ചതെന്താണ്? നിരന്തര മൂല്യനിർണയം വസ്തുനിഷ്ഠമല്ലാതായി. 2005 ൽ subjectively correction factor എന്ന രീതിയിൽ ഗ്രേസ് മാർക്ക് നൽകുന്ന സമ്പ്രദായവും ആരംഭിച്ചു. വിജയിക്കുന്നതിൽ നല്ലൊരു പങ്ക് കുട്ടികളും D+ ഗ്രേഡ് മാത്രം നേടിയാണ് വിജയിക്കുന്നത്. D+ നേടാൻ 30% മാർക്ക് മതി. അതിൽ 20 മാർക്ക് CCE-യിലൂടെ അധ്യാപകർ ഇട്ടുകൊടുക്കുന്നതാണ്. 10 മാർക്ക് മാത്രം മതി ടെർമിനൽ പരീക്ഷയ്ക്ക്. ചോദ്യനമ്പർ ഇട്ട്

എന്തെങ്കിലും എഴുതിയാൽതന്നെ കുട്ടി എഴുതാൻ ഉദ്ദേശിച്ച ആശയം ഇന്നതാണെന്ന് ഊഹിച്ച് മാർക്ക് കൊടുക്കാൻ അധ്യാപകന് സ്വാതന്ത്ര്യമുണ്ട്. ഇപ്രകാരം 10 മാർക്ക് വീഴുന്ന കുട്ടിയ്ക്കും ജയിക്കാൻ കഴിയും. ഇങ്ങനെ നേടുന്ന 100 ശതമാനം വിജയത്തിന്റെ യഥാർത്ഥ വശം നാം പരിശോധിക്കേണ്ടതല്ലേ?

1991 ൽ ഒന്നാം ക്ലാസിൽ പ്രവേശനം നേടിയിരുന്ന വിദ്യാർഥികളുടെ എണ്ണം 6.01 ലക്ഷം ആയിരുന്നപ്പോൾ 2013 ൽ ഇത് 2.92 ലക്ഷം ആയി മാറി. 2001 ൽ 1 മുതൽ 10 വരെ പഠിക്കുന്ന വിദ്യാർഥികളുടെ എണ്ണം 51,02,038 ആയിരുന്നപ്പോൾ 2012 ൽ 42,35,285 ആയി കുറഞ്ഞു. 2013 ൽ അത് ആധാറുമായി EID യുമായും ലിങ്ക് ചെയ്തപ്പോൾ 36 ലക്ഷമായി വീണ്ടും കുറഞ്ഞു. ഇനി അൺ എയ്ഡഡ് സ്കൂളുകളിലെ ബാക്കിയുള്ള കുട്ടികളുടെ UID കൂടി എടുത്താൽ നമ്മുടെ സംസ്ഥാന സിലബസ് പിന്തുടരുന്ന സ്കൂളുകളിൽ യഥാർത്ഥത്തിൽ എത്ര വിദ്യാർഥികൾ പഠിക്കുന്നുണ്ടാവും എന്ന കണക്ക് വ്യക്തമാവും. എത്രകാലം കണക്കിലെ കളികളിലൂടെ നമുക്ക് കേരളീയ സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാനാവും?

2011 ൽ 25 കുട്ടികളിൽ താഴെ ക്ലാസ് ആവറേജുള്ള സ്കൂളുകൾ 'അൺഎക്കോണമിക്' സ്കൂൾ എന്ന് നിർവചിച്ചപ്പോൾ അത്തരത്തിലുള്ള സ്കൂളുകളുടെ എണ്ണം 4614. അത്തരത്തിലുള്ള ഒരു കണക്ക് നമ്മുടെ നാടിന് അപമാനമാണ് എന്നു തോന്നിയപ്പോൾ അൺഎക്കോണമിക് എന്നാൽ ക്ലാസ് ആവറേജ് 15 കുട്ടികളിൽ താഴെയുള്ളത് എന്ന് പുനർ നിർവചിച്ചു. പല സ്കൂളുകളിലും പേരിന്പോലും കുട്ടികൾ ഇല്ല എന്ന സ്ഥിതി . വിശേഷത്തിന് നാം സാക്ഷ്യം വഹിക്കേണ്ടിയും വന്നു. അൺഇക്കോണമിക് സ്കൂളിന്റെ എണ്ണം മൂവായിരത്തിൽ നിലനിർത്താൻ നാം ക്ലാസ് ആവറേജ് 15 കുട്ടികളിൽ താഴെ എന്ന പരിധി വരുംവർഷങ്ങളിൽ താഴ്ത്തി 10 ആയും 5 ആയും അവസാനം പൂജ്യമായും നിർവചിച്ച് ഒരു സ്കൂളും പൂട്ടിയിട്ടില്ല എന്ന ഖ്യാതി നേടും. സംശയമില്ല.

പ്രീഡിഗ്രി നിർത്തലാക്കി പ്ലസ് ടു എന്ന സമ്പ്രദായം സ്കൂളുകളിലേക്ക് കൊണ്ടുവന്നപ്പോൾ സംഭവിച്ചത് നേട്ടമോ കോട്ടമോ? തീരെ ചെറുപ്പക്കാരായ പ്ലസ് ടു അധ്യാപകർ 'പ്രിൻസിപ്പൽ' ആയി. 25 കൊല്ലം ഹൈസ്കൂൾ വിദ്യാർഥികളെ പഠിപ്പിച്ച് പ്രമോഷനിലൂടെ ഹെഡ്മാസ്റ്റർ ആയി എത്തിയ അധ്യാപകന് പോസ്റ്റ് ഗ്രാഡുവേഷൻ ഇല്ല എന്ന കാരണത്താൽ ഹയർ സെക്കണ്ടറി വിദ്യാർഥികളുടെ മേൽ യാതൊരു അധികാരമില്ലാതെ തന്റെ അധീനതയിൽ ഇന്നലെവരെ പ്രവർത്തിച്ചിരുന്ന സ്കൂളിൽ താൻ രണ്ടാംകിടക്കാരനായി മാറിയോ എന്നൊരു സംശയം. പ്രീഡിഗ്രി നിർത്തി 'പ്ലസ് ടു' ഘട്ടം

സ്കൂളിലേക്ക് കൊണ്ടുവന്നപ്പോൾ വിദ്യാഭ്യാസ സമ്പ്രദായം യഥാർത്ഥത്തിൽ മെച്ചപ്പെട്ടോ? പ്രീഡിഗ്രിയ്ക്ക് ആദ്യമായി ലഭിക്കുന്ന സ്വാതന്ത്ര്യം ആസ്വദിക്കുന്ന വിദ്യാർഥിയിൽനിന്ന് സ്കൂളിന്റെ ചട്ടക്കൂടിൽ അച്ചടക്കത്തോടെ ക്ലാസിൽ ഇരുത്താൻ സാധിച്ചു എന്നുള്ളത് ഒരു വലിയനേട്ടം തന്നെയാണ്. ഒപ്പം അക്കാദമികമായി മികച്ച നേട്ടങ്ങൾ ഉണ്ടായോ? ഇക്കാര്യം നാം വസ്തു നിഷ്ഠമായി വിലയിരുത്തിയിട്ടുണ്ടോ? ഒരു സ്കൂളിൽ ഒരു പ്രധാന അധ്യാപകൻ എന്ന നിലയിലേക്ക് സ്കൂളിനെ കൊണ്ടുവരാൻ അടുത്തകാലത്തെങ്കിലും നമുക്ക് സാധിക്കുമോ? ഇന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്ന നിലയിൽ ഇടപെടേണ്ടിവരുന്ന ഒരു പ്രധാനകാര്യം സ്കൂളുകളിൽ ഹെഡ്മാസ്റ്ററും പ്രിൻസിപ്പലും തമ്മിലുള്ള അധികാരവടംവലിയും അനുബന്ധ പ്രശ്നങ്ങളുമാണ്. എന്നാണ് ഈ പ്രശ്നങ്ങൾക്കൊരു പരിഹാരം?

നമ്മുടെ സ്കൂളുകളിലെ പഠനരീതിയും നാം നടത്തുന്ന പരീക്ഷാ സമ്പ്രദായവും മികച്ചതാണ് എന്ന് കരുതുക. എന്നാൽ എന്തുകൊണ്ട് ഈ നാട്ടിൽ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സ്കൂളുകൾ കൂണുപോലെ മുളയ്ക്കുന്നു? ഒന്നിനൊന്നു വളരുന്നു? അതേസമയം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർഥികളുടെ എണ്ണം നാൾക്കുനാൾ കുറയുന്നു. സർക്കാർ ഒന്നുമൂളിയാൽ, നഷ്ടത്തിൽ ഓടി ദയാമരണം കാത്തുകിടക്കുന്ന ഒട്ടനവധി എയ്ഡഡ് സ്കൂളുകൾ നമ്മുടെ നാട്ടിലുണ്ട്. ആരോഗ്യമുള്ള കാലത്ത് പരമാവധി പാൽ കറന്നെടുത്ത് വരുമാനം ഉണ്ടാക്കിയശേഷം ഇപ്പോൾ പാൽ ചുരത്താതായപ്പോൾ ഇനി പ്രയോജനം ഇല്ലായെന്നുകണ്ട് ഇറച്ചിവെട്ടുകാരനെ ഏൽപ്പിക്കാൻ തയാറായി നിൽക്കുന്ന പശുവുടമയുടെ മനോഭാവമാണ് ചില സ്കൂൾ മാനേജർമാർക്കെങ്കിലും.

പണ്ട് എന്റെ തലമുറ സ്കൂളിൽ പഠിപ്പിക്കുമ്പോൾ സ്കൂളിൽ 'പാട്ടുടീച്ചർ' ഉണ്ടായിരുന്നു. 'ഡ്രോയിംഗ് മാഷ്'ണ്ടായിരുന്നു. തുന്നലും സംഗീതവും പഠിക്കാൻ ആൺകുട്ടികൾക്ക് വൈമുഖ്യം ഉണ്ടായിരുന്നെങ്കിലും അത്തരത്തിലൊരു പഠനം നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് എന്ന് കരുതിയിരുന്നു. സ്കൂൾ കുട്ടികൾ ഉറ്റുനോക്കുന്ന ഒരു പീരീഡായിരുന്നു Physical Education. ഗ്രൗണ്ടിൽ ഓടിച്ചാടി തിമിർക്കാൻ ഓരോ വിദ്യാർഥിയും കാത്തിരുന്നു. ഞാൻ പഠിച്ചിരുന്ന സ്കൂളിൽ രണ്ടാംപടിപ്പിൽ പോകാനായി സ്കൂൾബസ് താമസിച്ച് വരണേ എന്ന് ഞങ്ങൾ പ്രാർഥിച്ചിരുന്നു. എന്റെ എല്ലാ നിക്കറിന്റെയും പുറകുവശം സ്ലൈഡിൽ കയറി താഴത്തേയ്ക്ക് ഊർന്നിറങ്ങുന്നതുകാരണം കീറിയിരുന്നു. വീട്ടിൽ എത്തിയാൽ കളികൾ മുടങ്ങുമായിരുന്നോ? മരംകേറ്റം, കുളത്തിൽ നീന്തൽ, അവധി ദിവസങ്ങളിൽ പശുവിനെ കുളിപ്പിക്കാനായി തോട്ടിലേയ്ക്ക് കൂട്ടുകാരുമൊത്ത് ഒരു യാത്ര - ഉല്ലാസയാത്ര

- അങ്ങനെ അനുഭവങ്ങളിലൂടെയും കളികളിലൂടെയും ജീവിതം എന്തെന്നറിഞ്ഞുള്ള പഠനം. ഇന്ന് നമുക്ക് 12,500 ലധികം വരുന്ന സ്കൂളുകൾക്ക് 2553 കായികാദ്ധ്യാപകർ. പാട്ടു ടീച്ചറേയും, തുന്നൽ ടീച്ചറേയും മഷിയിട്ടു നോക്കിയാൽപോലും കാണാനില്ല. ഫ്ലാറ്റിലും മൂന്നുസെന്റ് പുരയിടത്തിലും ഓടിച്ചാടി നടക്കാൻ സ്ഥലമില്ലാതെ വെമ്പുന്ന കരുന്നുകളെ ക്ലാസ്സ്മുറിയെന്ന നാലു ചുവരുകൾക്കുള്ളിൽ വീണ്ടും അടച്ചിടുന്നു. എത്ര ബുദ്ധിമുട്ടുള്ള സ്കൂളുകൾക്കുപോലും ബസ്സുണ്ട്. വീട്ടിൽനിന്നും കുത്തിനിറച്ച ബസ്സുകളിൽ സ്കൂളുകളിലേയ്ക്ക്. ക്ലാസ്സ്മുറികളുടെ നാലു ചുവരുകൾക്കുള്ളിൽ പോർഷൻ തീർക്കാൻ വെമ്പൽകൊള്ളുന്ന അദ്ധ്യാപകരുടെ മുന്നിൽ 5-6 മണിക്കൂർ. അതിനുശേഷം ബസ്സിൽ തിരികെ പാഴ്സൽപോലെ വീട്ടിലേയ്ക്ക്. ചില കുട്ടികൾക്കെങ്കിലും വീട്ടിലേയ്ക്ക് പോകാൻ വൈമുഖ്യമാണ്. സ്കൂൾ ഇഷ്ടമായതുകൊണ്ടല്ലിത്. മറിച്ച് ട്യൂഷൻ, കൂടുതൽ പഠിക്കാൻവേണ്ടി മാതാപിതാക്കളുടെ ശകാരം, ഒരു ചെറു ന്യൂനപക്ഷം പെൺകുട്ടികൾക്കെങ്കിലും വീട്ടിൽ നേരിടേണ്ടിവരുന്ന ഉറ്റവരുടെ പീഡനം തുടങ്ങിയവ കാരണങ്ങളാണ്. സ്കൂളുകൾക്ക് വെളിയിൽ ഇറങ്ങിയാലോ പാൻമസാലയുമായി ഇരപിടിക്കാൻ ഒരു കൂട്ടർ, ഏൽപ്പിച്ച മൊബൈൽ ഫോണിൽ നീലചിത്രങ്ങൾ നിറച്ച് കൊടുക്കാൻ തയ്യാറായി മറ്റൊരുകൂട്ടർ, മയക്കുമരുന്നിനെക്കുറിച്ചും മദ്യത്തെക്കുറിച്ചും ആശങ്കകളാണെങ്ങും. ഈ ഓട്ടപ്പാച്ചിലിനിടെ എവിടെ, വളർന്നു വരുന്ന കുട്ടികൾക്കുള്ള ശാരീരിക വ്യായാമം? ആരോഗ്യകരമായ മാനസിക വളർച്ചയും മൂല്യാധിഷ്ഠിതമായ ജീവിതം നയിക്കാനും ആര് അവരെ പഠിപ്പിയ്ക്കുന്നു? ജീവിതശേഷീപഠനം എന്ന വലിയ ലക്ഷ്യം എവിടെ? സാധാരണക്കാരായ രക്ഷിതാക്കൾ ചോദിക്കുന്ന ചില ചോദ്യങ്ങളാണിവ.

ലോകമെമ്പാടും കൊട്ടിഘോഷിച്ച 'കേരള മോഡലി'ൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാനം പ്രഥമമാണ്. ആ നേട്ടം നമ്മുടെ സ്കൂളുകളിലേക്ക് പ്ലസ് ടു കൊണ്ടുവരുന്നതിനും ഗ്രേഡിംഗ് സമ്പ്രദായം നടപ്പാക്കുന്നതിനും മുമ്പേ കേരളം നേടിയതാണ്. അന്ന് DPEP യും SSA യും RMSA യും വന്നിരുന്നില്ല. SIEMAT ഉം SCERT യും ഇല്ലായിരുന്നു. കേരളത്തിലെ വിദ്യാർഥികൾ ഇന്ന് ദേശീയവും അന്തർദേശീയവും ആയ മത്സരപരീക്ഷകളിൽ ഒന്നാമതെത്തുന്നു. അത് മുൻപും സംഭവിച്ചിട്ടുണ്ട്.

ഇന്നത്തേത് കേരളത്തിൽ ഇപ്പോൾ നിലനിൽക്കുന്ന സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ നേട്ടം കൊണ്ടാണോ? എങ്കിൽ എന്തുകൊണ്ട് കേരളത്തിലെ ബഹുഭൂരിപക്ഷം ആദിവാസികളുടെ സ്ഥിതി മെച്ചപ്പെട്ടില്ല? വിദ്യാഭ്യാസപരമായി ഉയർന്ന് അവർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുന്നില്ല? അവരുടെ ഇടയിൽനിന്നും ഏതാനും എം.എൽ.എമാരും മന്ത്രിമാരും

ഉയർന്നുവന്നിട്ടുണ്ടെങ്കിൽ ഭാരതം എന്ന രാജ്യത്തിൽ നടക്കുന്ന ജനാധിപത്യ പ്രക്രിയയുടെ നേട്ടം മാത്രമല്ലെ? മറിച്ച്, വിദ്യാഭ്യാസ മുന്നേറ്റത്തിന്റെ മാത്രം എന്ന് പൂർണമായും അവകാശപ്പെടാവുന്ന ഒന്നായി മാറിയോ അത്?. ഇന്നത്തെ സ്ഥിതി ഈ രീതിയിൽ തുടർന്നാൽ മതിയോ? 8 വർഷത്തിനുശേഷം വിദ്യാഭ്യാസവകുപ്പിലേക്ക് തിരിച്ചുവരുമ്പോൾ മേൽപ്പറഞ്ഞ സാധാരണക്കാരുടെ ചോദ്യങ്ങൾക്ക് എന്തു മറുപടി നൽകും എന്നതാണ് എന്നെ അലട്ടുന്ന പ്രശ്നം. 'പൂച്ചയ്ക്ക് ആര് മണികെട്ടും'?

പൊതുവിദ്യാഭ്യാസ സമ്പ്രദായം ഇങ്ങനെ ഇനി എത്രനാൾ? ഏതാനും മാസങ്ങൾക്കുമുൻപ് ഒരു CBSE സ്കൂളിലെ ഒരു പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുക്കാൻ സാഹചര്യമുണ്ടായി. അവിടെ എന്നെ വരവേറ്റവരിലൊരാൾ ഞാൻ മുൻപ് പ്രവർത്തിച്ചിരുന്ന കോർപ്പറേഷനിലെ എന്റെ പ്യൂൺ. ദിവസവേതനത്തിൽ മാസം 9000/- യോളം കിട്ടുന്ന ആൾ. അദ്ദേഹത്തിന്റെ രണ്ടുമക്കളും പഠിക്കുന്ന സ്കൂളാണത്. സർക്കാർ സൗജന്യമായി പഠിപ്പിക്കാം എന്ന് ഉറപ്പുകൊടുത്തിട്ടും മികച്ച യോഗ്യതയും നിരന്തര പരിശീലനവും ലഭിച്ച പി.എസ്.സി. യോഗ്യതാപരീക്ഷ വിജയിച്ചെത്തുന്ന, കമ്പ്യൂട്ടറും മൾട്ടിമീഡിയ മുറിയും ഉച്ചഭക്ഷണവും തുടങ്ങി എല്ലാ സൗകര്യവും ഉള്ള സർക്കാർ സ്കൂളിലോ സമാനമായ എയിഡഡ് സ്കൂളിലോ ഒരു സാധാരണക്കാരൻ എന്ത്കൊണ്ട് തന്റെ കുട്ടികളെ അയയ്ക്കുന്നില്ല? എന്തുകൊണ്ട് ഇതൊന്നും ഇല്ലാത്ത അല്ലെങ്കിൽ അപര്യാപ്തമായ ഒരു സ്കൂളിൽ തന്റെ രണ്ടുമക്കളെ വലിയ ഫീസ് കൊടുത്തു പഠിപ്പിക്കുന്നു? 99% കുട്ടികളും ജയിക്കും എന്ന സ്ഥിതിയിലുള്ള സർക്കാർ-എയിഡഡ് സ്കൂളുകളിലേയ്ക്ക് സാധാരണക്കാർ എന്തുകൊണ്ട് കുട്ടികളെ അയയ്ക്കുന്നില്ല? വിജയത്തിന്റെ ശതമാനമാണ് മാനദണ്ഡമെങ്കിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കല്ലേ തന്റെ കുട്ടികളെ അയയ്ക്കേണ്ടത്? കേരളത്തിലെ സാധാരണ രക്ഷിതാക്കൾ എന്തുകൊണ്ട് ഇങ്ങനെ ചിന്തിക്കുന്നു? ഇതിന്റെ കാരണം കണ്ടെത്താനും പ്രതിവിധികൾ തേടാനും നാം അമാന്തിച്ചുകൂടാ.

## കേരള പാഠ്യപദ്ധതി ചട്ടക്കൂട് - 2007

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും NCF-2005 ന്റെ ചുവടുപിടിച്ച് SCERT യുടെ നേതൃത്വത്തിൽ തയ്യാറാക്കി 2007-ൽ പുറത്തിറക്കിയ കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ആമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുരുക്കി അവതരിപ്പിക്കട്ടെ. ആദ്യഖണ്ഡികയിൽതന്നെ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ധർമ്മത്തെക്കുറിച്ച് പറയുന്നു. "ഹയർസെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി

പോകുന്നവരെ ഏതെങ്കിലും തൊഴിലിനോ ജീവിതായോധനത്തിനോ ഒരുക്കുക എന്നതാണ് ധർമ്മം. കുറെ അക്കാദമിക വിഷയങ്ങൾ പഠിച്ചതുകൊണ്ടുമാത്രം അത് സാക്ഷാത്ക്കരിക്കാനാവില്ല". 'അതായത് എല്ലാ വിഷയങ്ങൾക്കും A+ നേടിയിട്ടും പുറംലോകത്ത് ജീവിക്കേണ്ട അത്യാവശ്യനൈപുണികൾ സ്കൂളിൽനിന്നും നേടിയില്ലെങ്കിൽ 12 കൊല്ലം പഠിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്ന് സാരം.

രണ്ടാം ഖണ്ഡികയിൽ പറയുന്നത് കേരളത്തിൽ "ഇത്രയേറെപേർക്ക് തൊഴിൽ കിട്ടാതിരിക്കാൻ ഒരു കാരണം അവർക്ക് തൊഴിൽ ചെയ്യുന്നതിനുള്ള പരിശീലനം ലഭിക്കാത്തതാണ്. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ നാം ആരംഭിച്ച ടെക്നിക്കൽ സ്കൂളുകളും ഏറെ കൊട്ടിഘോഷിച്ച് കൊണ്ടുവന്ന VHSE യും ലക്ഷ്യം നേടിയോ? VHSE സ്കൂളുകളിൽ പഠിക്കുന്നവർക്ക് വിദ്യാഭ്യാസത്തിൽ തുടർപഠന സാധ്യത (vertical mobility) തുടക്കത്തിൽ ഇല്ലായിരുന്നു. എന്നാൽ അത് നൽകുകവഴി ഇന്ന് ഉന്നതവിദ്യാഭ്യാസത്തിനു പോകാനുള്ള മറ്റൊരു ചാനൽ മാത്രമാണ് VHSE. ആമുഖം തുടരുന്നു. "പതിനൊന്നാം പദ്ധതിയുടെ പരിഷ്കരിച്ച സമീപനരേഖയിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ ഹയർസെക്കണ്ടറി തലത്തിൽ വൈവിധ്യമാർന്ന തൊഴിൽ വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം എടുത്തുപറഞ്ഞിട്ടുണ്ട്". ഹയർസെക്കണ്ടറിയിൽ നിന്നും പുറത്തുവരുന്നവർ "തൊഴിലില്ലാപടയുടെ ഭാഗമായി വീട്ടുകാർക്കും നാട്ടുകാർക്കും ഭാരമായിതീരുന്നു. ഇത് ദീർഘദർശനം ചെയ്തുകൊണ്ടാകണം. ശ്രീനാരായണഗുരു ഒരു നൂറ്റാണ്ടു മുൻപ് തൊഴിൽ വിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യം ഊന്നിപറഞ്ഞത്". ഇക്കാര്യത്തിൽ സമൂലമായ മാറ്റം വരുത്തിയില്ലെങ്കിൽ പൊതുവിദ്യാഭ്യാസം നേടുന്നവരിൽ വലിയൊരു വിഭാഗം തൊഴിലില്ലാത്തവരായിത്തീരുന്ന പ്രതിഭാസം തുടരും. അതുകൊണ്ട് "Eligible for Higher Studies" എന്ന seal അടിച്ച് SSLC പരീക്ഷ പാസ്സാകുന്നവർക്കെല്ലാം സർട്ടിഫിക്കറ്റ് നൽകുന്നതിൽനിന്നും വിഭിന്നമായി ഉന്നതവിദ്യാഭ്യാസത്തിനു പോകുന്നവർക്കും തൊഴിൽതേടി പോകുന്നവർക്കും ഒരേ സമയം പ്രയോജനകരമായ പാഠ്യപദ്ധതിയിലേയ്ക്കുള്ള പരിവർത്തനം ഒരു വലിയ കാൽവെപ്പാണ്". ചുരുക്കത്തിൽ തൊഴിൽ അധിഷ്ഠിതമായ വിദ്യാഭ്യാസത്തിന് പ്രാമുഖ്യമായൊരു സ്ഥാനം KCF-2007 കൊടുത്തിട്ടും ആ നിലയിലേയ്ക്ക് ഒരു കുതിച്ചുചാട്ടത്തിന് നമുക്ക് കഴിഞ്ഞോ?.

1977 ൽ സംസ്ഥാനത്തെ മിക്കവാറും എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഒരു വലിയ കാൽവെപ്പ് നടത്തി.

ഭൗതിക സൗകര്യങ്ങൾ വർദ്ധിച്ചു എന്നതും സ്കൂൾ നടത്തിപ്പിൽ പ്രാദേശികമായ ഇടപെടലുകൾ സാധ്യമാക്കിയതും നേട്ടങ്ങൾ തന്നെയാണ്. എന്നാൽ KCF – 2007-ൽ പറയുന്നതുപോലെ 'തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇന്നുള്ളതിനെക്കാൾ വിദ്യാഭ്യാസത്തിന്റെ ഉത്തരവാദിത്വം കൂടുതലായി ഏറ്റെടുത്തോ? തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ "ഭാവി കേരളത്തിന്റെ വികസനാവശ്യങ്ങൾക്കുള്ള മാനവശേഷി ഉൽപ്പാദന കേന്ദ്രങ്ങളായി വിദ്യാഭ്യാസ സ്ഥാപനങ്ങളെ" മാറ്റിയോ?

കേരളത്തിലെ വിദ്യാലയങ്ങളിലെ പ്രത്യേകിച്ച് പൊതുവിദ്യാലയങ്ങളിലെ അവസ്ഥ KCF -2007 വരച്ചുകാട്ടുന്നുണ്ട്. പേജ് 8-ലെ ആദ്യ ഖണ്ഡികയിൽ പറയുന്നത് ശ്രദ്ധിക്കുക; "വിദ്യാഭ്യാസരംഗത്ത് സംഭവിച്ച സ്വകാര്യവത്ക്കരണം, സ്വാശ്രയ വിദ്യാലയങ്ങളുടെ കടന്നുകയറ്റം, കേരളീയർക്കു സംഭവിച്ചുകൊണ്ടിരിക്കുന്ന അപമാനവീകരണം (dehumanisation), പല ജാതിമത സംഘടനകളുടെയും വിദ്യാഭ്യാസ രംഗത്തുള്ള മൗലികവാദപരമായ ഇടപെടലുകൾ, അതിന്റെ ഫലമായി വിദ്യാർത്ഥികളിൽ രൂപപ്പെട്ടുവരുന്ന ജാതീയവും മതപരവുമായ അസഹിഷ്ണുത, ജനാധിപത്യപ്രക്രിയയോടുള്ള അരാജക സ്വഭാവമുള്ള വിമുഖത, വർദ്ധിച്ചുവരുന്ന അസമത്വം, ആക്രമണോത്സുകത, ശിഥിലമാകുന്ന കുടുംബ ബന്ധങ്ങൾ, സ്ത്രീപുരുഷ ബന്ധങ്ങളിൽ സംഭവിക്കുന്ന മൂല്യച്യുതി, വളർന്നുവരുന്ന അക്രമവാസന, ലഹരി പദാർത്ഥങ്ങളോടുള്ള അമിത ആസക്തി" തുടങ്ങി ഒട്ടു വളരെ പ്രധാന പ്രശ്നങ്ങൾ 2007-ൽ ഉയർത്തികാട്ടിയിട്ടും സംസ്ഥാനത്തെ NRHM-ന്റെ സ്കൂൾ ഹെൽപ്പ് പ്രോഗ്രാമിന്റെ (SHP) ഭാഗമായി നടത്തിയ പഠനത്തിൽ തിരുവനന്തപുരത്തെ ഒരു സർക്കാർ സ്കൂളിലെ വിദ്യാർത്ഥികളിൽ 4.5% പേർ മദ്യം ഉപയോഗിക്കുന്നവരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഏതാണ്ട് 50% -ൽ അധികംപേർക്കും വയസ്സിനനുസരിച്ചുള്ള ശാരീരിക വളർച്ച/തൂക്കം ഇല്ല (under weight) എന്നും കണ്ടെത്തിയിട്ടുണ്ട്. ഓരോ കുട്ടിയുടേയും ശാരീരികവും മാനസികവും സാമൂഹികവുമായ സാധ്യതകളെയും പരിമിതികളെയുംകുറിച്ച് അദ്ധ്യാപകർക്ക് അറിവുണ്ടാകണം എന്ന് KCF 2007-ൽ പ്രതിപാദിച്ച് 6 വർഷം കഴിഞ്ഞിട്ടും ഇതാണ് അവസ്ഥ! കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് നാം ഊന്നൽ കൊടുത്തേ മതിയാവൂ. ജീവിതത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുന്ന സമൂഹമായി വിദ്യാർത്ഥികളെ വളർത്തിയെടുക്കണം എന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ രണ്ടു കാര്യങ്ങളിലും നാം ശ്രദ്ധ കേന്ദ്രീകരിച്ചേ മതിയാകൂ.

"കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വികാസത്തിന് ഉതകുംവിധമായിരിക്കും ആരോഗ്യ-കായിക വിദ്യാഭ്യാസം. കുട്ടിയുടെ സമഗ്രവികാസത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് ആരോഗ്യം. വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവ പാലിക്കേണ്ടതിന്റെ പ്രാധാന്യം, ആഹാരശീലങ്ങൾ, ശാരീരികക്ഷമത നിലനിർത്തുന്നതിനാവശ്യമായ വ്യായാമമുറകൾ എന്നിവ പാഠ്യപദ്ധതിയുടെ ഭഗമാകണം". വളർച്ചയുടെ ഓരോ ഘട്ടത്തിലും കുട്ടി നേരിടുന്ന പ്രശ്നങ്ങളും പ്രയാസങ്ങളും മാനസിക സംഘർഷങ്ങളും തിരിച്ചറിയുന്നതിനും അവയെ സമചിത്തതയോടെ നേരിടുന്നതിനും പ്രാപ്തമായ അവസരങ്ങൾ പാഠ്യപദ്ധതിയിൽ ഉണ്ടാവണം. ആഹാരശീലങ്ങൾ, പ്രഥമസുരക്ഷ, സുരക്ഷാവിദ്യാഭ്യാസം, കൗമാര വിദ്യാഭ്യാസം, രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും, കായിക വിദ്യാഭ്യാസത്തിൽ മനശ്ചാലക - താളാത്മക പ്രവർത്തനങ്ങൾ, ജിംനാസ്റ്റിക്സ്, അത്‌ലെറ്റിക്സ്, മൈനർ ഗെയിംസ്, നാടൻ കളികൾ, മേജർഗെയിംസ്, യോഗ തുടങ്ങിയവക്കു പുറമേ പ്രാദേശിക സാധ്യതക്കനുസരിച്ച് നീന്തൽ, സൈക്കിളിംഗ്, വിവിധ ആയോധനമുറകൾ എന്നിവയിൽ ധാരണ നേടിയിരിക്കണം.

ഇന്നത്തെ അധ്യാപക കേന്ദ്രീകൃത പഠനരീതി മാറണം, മാറ്റണം എന്ന ഉദ്ദേശത്തോടുകൂടി പല പദ്ധതികളും നാം ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. എങ്കിലും ശിശു കേന്ദ്രിത പഠനരീതി എന്ന ലക്ഷ്യത്തിൽ 25 ശതമാനമെങ്കിലും എത്തിയോ? എങ്ങനെയും പാഠ്യഭാഗങ്ങൾ പഠിപ്പിച്ചുതീർക്കുക എന്ന ഒരൊറ്റ ലക്ഷ്യത്തിൽ നിന്നും ഉയർന്ന് കുട്ടികളെ പ്രവർത്തനങ്ങളിൽ കൂടി പഠിപ്പിക്കാനും അതിനു കഴിയാത്ത സാഹചര്യങ്ങളിൽ മൾട്ടിമീഡിയ സാധ്യതകളുപയോഗിച്ച് ദൃശ്യ ശ്രാവ്യാനുഭവങ്ങൾ നൽകാനുള്ള ഒന്നാംതരമായൊരു സഹായിയുമായിട്ടാണ് ഐ.ടി വിദ്യാഭ്യാസം നാം തുടങ്ങിയത്. ഇല്ലത്തുനിന്നു പുറപ്പെടുകയും ചെയ്തു, അമ്മാത്ത് എത്തിയതുമില്ല എന്ന സ്ഥിതിയിലാണ് സ്കൂളിലെ കമ്പ്യൂട്ടറുകളുടെയും കമ്പ്യൂട്ടർ പഠനത്തിന്റെയും സ്ഥിതി. ആരംഭിച്ച് 12 വർഷം കഴിഞ്ഞിട്ടും ഏതാണ്ട് എല്ലാ ഹൈസ്കൂൾ അദ്ധ്യാപകരും ഐ.ടിയിൽ അത്യാവശ്യം പ്രാവീണ്യമുള്ളവരായിട്ടും മൾട്ടിമീഡിയ ഉപയോഗിച്ച് പഠിപ്പിക്കാൻ ഇന്നും നാം തയ്യാറായിട്ടില്ല. ഐ.ടി വിദ്യാഭ്യാസം കേരളത്തിൽ ആരംഭിക്കുമ്പോൾ കേരളത്തിലെ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകളും മൾട്ടിമീഡിയ മുറികളും സജ്ജീകരിക്കുന്നതും അധ്യാപകരെ ഐ.ടി നിപുണരാക്കുന്നതുമായിരുന്നു ആദ്യത്തെ 5 വർഷത്തെ ലക്ഷ്യം. അതിനുശേഷം ആവശ്യമായ പഠനവിഭവ സിഡികളും VICTERS ചാനലും ഉപയോഗിച്ച് ഭാഷയും മറ്റു വിഷയങ്ങളും പ്രത്യേകിച്ച് സയൻസ് വിഷയങ്ങൾ

ആയാസരഹിതമായി കുട്ടികൾക്ക് മനസ്സിലാക്കികൊടുക്കുക എന്നതായിരുന്നു. ആദ്യ ലക്ഷ്യത്തിനടുത്ത് ഏതാണ്ട് എത്തുന്ന ഘട്ടത്തിൽ അടുത്ത ഘട്ടം തുടങ്ങാൻ നമുക്ക് കഴിഞ്ഞില്ല. അതുകൊണ്ടുതന്നെയാണ് "കേരളത്തിലെ ഹൈസ്കൂളുകളിൽ നിലവിലുള്ള ഐ.ടി പഠനം ചില പ്രാഥമിക കമ്പ്യൂട്ടർ നൈപുണികൾക്കും ക്ലറിക്കൽ ജോലി ചെയ്യുന്നതിനുമുള്ള നൈപുണികൾക്കുമപ്പുറത്തേയ്ക്ക് കാര്യമായി ഒന്നും നൽകുന്നില്ല" എന്ന് KCF- 2007 പറയുന്നത്. സ്കൂളിലെ കമ്പ്യൂട്ടറിന് അദ്ധ്യാപകനും കുട്ടികൾക്കും ഒരു സഹായി എന്ന നിലയിൽ പലതും ചെയ്യാൻ സാധിക്കും എന്ന് നാം ഇപ്പോഴും മനസ്സിലാക്കുന്നില്ല. 'മറ്റ് ദൃശ്യ-ശ്രാവ്യ ഉപാധികൾക്കില്ലാത്ത ഇന്ററാക്ടിവിറ്റി എന്ന സവിശേഷത കമ്പ്യൂട്ടറിനുണ്ട്" എന്ന് മനസ്സിലാക്കി അതിനെ ഒരു പഠനസഹായിയായി ഉപയോഗപ്പെടുത്താൻ നാം ഇനിയെങ്കിലും ശ്രമിക്കേണ്ടതുണ്ട്.

നമ്മുടെ പൊതുവിദ്യാഭ്യാസ സമ്പ്രദായം നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാംതന്നെ വ്യക്തമായ പരിഹാരമാർഗങ്ങൾ NCF-2005 ഉം KCF-2007 ഉം നിർദേശിക്കുന്നുണ്ട്. അത് സ്കൂൾതലത്തിലേക്ക് വിവർത്തനം ചെയ്ത് പരിവർത്തനമുണ്ടാക്കാൻ പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന എല്ലാവരും ഒത്തൊരുമയോടുകൂടി പ്രവർത്തിക്കേണ്ട സമയമാണിത്. പൊതുവിദ്യാഭ്യാസത്തിന് ഒരു കാലത്ത് ഉണ്ടായിരുന്ന നല്ല പാഠങ്ങളിലേക്കും ശീലങ്ങളിലേക്കും ഭാരതത്തിന്റെ ശരിയായ മൂല്യങ്ങളിലേക്കും ഒരു തിരിച്ചുപോക്ക് അനിവാര്യമാണ്.

**ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം**

അദ്ധ്യാപകരോടുള്ള എന്റെ അപേക്ഷ ക്ലാസ്സുറിയ്ക്കുള്ളിൽ അധ്യാപകൻ 'പഠിപ്പിച്ച്'കൊടുക്കാതെ കുട്ടിയെ സ്വയം പഠിക്കാൻ അനുവദിക്കു എന്നാണ്. ക്ലാസ് പാഠപുസ്തകങ്ങൾ ഇന്ന് രചിക്കപ്പെടുന്നത് കുട്ടിക്ക് സ്വയം പഠിക്കാൻ കഴിയുന്നവിധത്തിൽ വിശദവും ഉദാഹരണ പ്രവർത്തനങ്ങൾ സഹിതവുമാണ്. അതിനാൽ മുഴുവൻ അധ്യാപകരും പഠിപ്പിക്കുന്ന രീതിക്ക് ഒരു മാറ്റം വരുത്തണം. കുട്ടികൾക്ക് സ്വയം കണ്ടെത്തി അറിവ് നേടുന്നതിനുള്ള സഹജമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതരത്തിലാകണം ക്ലാസ്സുറിക്കുള്ളിലെ പഠനപ്രവർത്തനങ്ങൾ. അതായത് ഓരോ പാഠഭാഗവും അധ്യാപകൻ ആദ്യം പഠിപ്പിക്കുകയും പിന്നീട് വിലയിരുത്തൽ നടത്തുകയും ചെയ്യുന്ന രീതിക്കു പകരമായി കുട്ടി സ്വയം പഠനം നടത്തേണ്ട പാഠഭാഗം ആദ്യം നിർദ്ദേശിക്കുകയും പഠന സാധ്യതകൾ അവതരിപ്പിക്കുകയും തുടർന്ന് അധ്യാപകന്റെ സഹായം ഇല്ലാതെ തന്നെ കുട്ടി ഒറ്റയ്ക്കോ സംഘം ചേർന്നോ പഠിക്കാനുള്ള ശ്രമം നടത്തുകയും ചെയ്യട്ടെ. ജ്ഞാന നിർമ്മാണ പ്രക്രിയയിൽ കുട്ടി ഒരു ഒഴിഞ്ഞ പാത്രമായിട്ടല്ലല്ലോ കണക്കാക്കപ്പെടുന്നത്? കുട്ടിയുടെ സ്വയംപഠന രീതിക്ക് പ്രത്യേകിച്ചും അപ്പർ പ്രൈമറി സെക്കണ്ടറി തലങ്ങളിൽ വളരെ വലിയ പ്രാധാന്യമാണ് കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ നൽകിയിരിക്കുന്നത്. ജ്ഞാന നിർമ്മിതിക്ക് പ്രൈമറി തലത്തിൽ നേരനുഭവങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തലുകളിലേക്ക് എത്തിച്ചേരുന്നതിനും പ്രൈമറി സെക്കണ്ടറി തലങ്ങളിൽ ദ്വിതീയ വിവര സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നതിനും കേരള പാഠ്യപദ്ധതി ചട്ടക്കൂടിൽ നിർദ്ദേശിക്കുന്നു.

ഐ ടി അറ്റ് സ്കൂൾ പ്രോജക്റ്റിനും , വിക്ടേഴ്സ് ചാനലിനും ഇത്തരമൊരു പഠനരീതിയിൽ വളരെ നിർണ്ണായകമായ പങ്കാണ് ഉള്ളത്. കുട്ടിക്കാവശ്യമായ ദൃശ്യ ശ്രാവ്യ പഠനവിഭവങ്ങൾ, ഇന്ററാക്റ്റീവ് ഡിജിറ്റൽ പഠനവിഭവങ്ങൾ എന്നിവ പാഠപുസ്തകത്തിലെ അദ്ധ്യയങ്ങൾക്കനുസൃതമായി സ്കൂളിലും വീടുകളിലും ലഭ്യമാക്കുന്ന ചുമതല, ഐ റ്റി അറ്റ് സ്കൂൾ പ്രോജക്റ്റിനും വിക്ടേഴ്സ് ചാനലിനും ഏറ്റെടുക്കാൻ കഴിയും. ഡിജിറ്റൽ പാഠപുസ്തകം, പാഠപുസ്തകത്തിലെ അധിക വിവരണങ്ങൾ വേണ്ട വാക്കുകൾ വാചകങ്ങൾ എന്നിയോട് 'ഹൈപ്പർ ലിങ്ക്' ചെയ്തിട്ടുള്ള ഡിജിറ്റൽ മൾട്ടി മീഡിയ ഉള്ളടക്കങ്ങൾ, ഇവയൊക്കെ കുട്ടികളുടെ സ്വയം പഠനത്തെ ഏറെ സഹായിക്കുകയും പഠനം ആസ്വാദ്യകരമാക്കുകയും ചെയ്യും

പഠനമികവു കുറഞ്ഞ കുട്ടികൾ മികച്ച സഹപഠിതാക്കളുടെ സഹായവും മാർഗ്ഗ നിർദ്ദേശങ്ങളും സ്വീകരിക്കാൻ നിർദ്ദേശിക്കപ്പെടണം. സംഘ പഠന രീതിയെ പ്രോത്സാഹിപ്പിക്കണം. സ്കൂൾ സമയമല്ലാത്ത അവസരങ്ങളിൽ അയൽപക്കങ്ങളിലുള്ള കുട്ടികൾ തങ്ങളുടെ പഠന സംഘത്തിലുള്ള ഒരു കുട്ടിയുടെ വീട്ടിൽ മാതാപിതാക്കളുടെ സാന്നിദ്ധ്യത്തിൽ ഒത്തു ചേർന്ന് സ്വയം പഠനം നടത്തുന്ന രീതിയും പ്രോത്സാഹിപ്പിക്കണം. ഇത്തരത്തിൽ അറിവിന്റെ പങ്കുവെയ്ക്കൽ, കുട്ടികളുടെ വിമർശകാത്മക ബുദ്ധി, യുക്തിയുക്ത പഠനം, സർഗാത്മകശേഷി ഇവ വളരാൻ സഹായകമാകുന്നു. കൂടാതെ വീട്ടിൽ മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് സൗകര്യങ്ങൾ ഉള്ള കുട്ടികളുടെ സഹായവും സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനും കഴിയും.

മേൽസൂചിപ്പിച്ച പ്രകാരം സ്വയംപഠനം നടത്തിയ കുട്ടികളുടെ പഠനനേട്ടം പിന്നീട് അധ്യാപകൻ വിലയിരുത്തുകയും പഠനത്തിലുണ്ടായ ന്യൂനതകൾ പരിഹരിക്കുകയും ചെയ്യണം. അധ്യാപകരുടെ പ്രത്യേകമായ ശ്രദ്ധ ആവശ്യമുള്ള കുട്ടികൾക്ക് അതും നൽകണം. അതിലൂടെ ഡിഫറൻഷ്യൽ അസൈൻമെന്റുകൾ, പ്രവർത്തനങ്ങൾ ഇവയുടെ സാധ്യത ഉപയോഗപ്പെടുത്തണം. ഇത്തരം ഒരു പഠന സമ്പ്രദായം എന്തുകൊണ്ടു പരീക്ഷിച്ചു കൂടാ? ഇതുമൂലം കുട്ടിക്ക് ഓരോ പാഠഭാഗത്തെയും ജിജ്ഞാസ നഷ്ടപ്പെടുത്താതെതന്നെ സമീപിക്കുന്നതിനു കഴിയും. ഈ രീതിയിലുള്ള പഠനത്തിലൂടെ പാഠ്യപദ്ധതി ചട്ടക്കൂടിൽ ലക്ഷ്യമിട്ടിരിക്കുന്ന താഴെപ്പറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് തീർച്ചയായും കഴിയും

- പഠനം രസകരമായ ഒരു അനുഭവമായി മാറുന്നു.
- വിദ്യാലയം മാത്ര മല്ല ജിവിതത്തിന്റെ സകല മേഖലകളും പഠനത്തിനുള്ള അവസരമായി കുട്ടിക്ക് അനുഭവപ്പെടുന്നു.
- നേതൃത്വപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധത. കുട്ടിയിൽ രൂപപ്പെടുന്നു
- സംഘം ചേരുന്നതിനും സഹകരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള താല്പര്യം ഉണ്ടാകുന്നു.
- തന്റെ വ്യക്തിത്വം സ്ഥാപിക്കുന്നതിനുള്ള പ്രവണത വളരുന്നു.
- പഠനത്തിലുള്ള ആത്മവിശ്വാസം വർദ്ധിക്കുന്നു.

- വിവര സ്രോതസ്സുകളിൽ നിന്നും സ്വയം വിജ്ഞാനം ആർജ്ജിക്കുന്നതിനുള്ള ശേഷി നേടുന്നു
- മെച്ചപ്പെട്ട സാമൂഹ്യബന്ധം ഉറപ്പാകുന്നു.
- ഉപരിപഠനത്തിന് അത്യാവശ്യമായ സ്വയംപഠനശേഷികൾ കാലേകൂട്ടി ആർജിക്കാൻ കഴിയുന്നു.
- സ്പൂൺഫീഡിംഗ് രീതി കാലേകൂട്ടി ഇല്ലാതാക്കാൻ കഴിയുന്നു.
- അധ്യാപകന് യഥാർത്ഥ 'ഗൈഡും' 'ഫെസിലിറ്റേറ്റ'മായി മാറാൻ കഴിയുന്നു.

വിദ്യാർത്ഥികൾക്ക് ഏതു സമയത്തും സംശയ നിവാരണത്തിന് ആശ്രയിക്കാവുന്നതും വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം എപ്പോഴും ലഭ്യമാകുന്നതുമായ തരത്തിലേക്ക് വിക്ടേഴ്സ് ചാനലിന്റെ പ്രവർത്തനങ്ങളെ പുനഃക്രമീകരിക്കേണ്ടതുണ്ട്. എല്ലാ ദിവസവും കുട്ടികൾക്ക് ഫോൺ മുഖാന്തരമോ ഓൺലൈൻ സംവിധാനത്തിലൂടേയോ ഏതു വിഷയത്തെക്കുറിച്ചും ചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം ഉണ്ടാകണം. ചോദ്യങ്ങൾ വിദഗ്ധരായ അധ്യാപകരുടെ സമിതി പരിശോധിച്ച് കൃത്യവും വ്യക്തവുമായ ഉത്തരങ്ങളും കൂടുതൽ വിശദീകരണങ്ങൾ ആവശ്യമെങ്കിൽ അതും മൾട്ടിമിഡിയ സഹായത്തോടെ ഓരോ വിഷയത്തിനും സമയം ക്രമീകരിച്ച് സംപ്രേഷണം ചെയ്യുന്ന ഒരു പരിപാടി വിക്ടേഴ് ചാനൽ ഉപയോഗിച്ച് നടത്താവുന്നതാണ്. ക്ലാസിൽ സംശയം ചോദിക്കാൻ മടിക്കുന്ന കുട്ടികൾക്ക് ചാനലിൽ ചോദിക്കാം, ഇ-മെയിലിലൂടെയും ചോദ്യങ്ങൾ അയയ്ക്കാം, ഫാക്സും ചെയ്യാം.

ഭാഷാ പഠനത്തിൽ, വ്യത്യസ്ത ഭാഷകളുടെ കൃത്യമായ ഉച്ചാരണം, സംസാരരീതി, ഭാഷയുടെ ഉപയോഗം, പ്രയോഗം, പ്രാദേശിക വ്യത്യാസങ്ങൾ ഇവയൊക്കെ കുട്ടികളിലും അധ്യാപകരിലും എത്തിക്കുന്നതിന് വിക്ടേഴ്സ് ഏറെ പ്രയോജനപ്രദമാണ്. നമ്മുടെ പല പ്രമുഖ ചാനലുകളിലും അവതാരകരും ലേഖകരും "ബാഷ" "ബാരതം" "വിദ്യാർത്തീ-വിധ്യാർത്തിനികൾ" എന്നൊക്കെ പറഞ്ഞുകേൾക്കുന്നത് സാധാരണമാണ്. അക്ഷരസ്പുടതയും, ഉച്ചാരണശുദ്ധിയും പുസ്തകത്തിൽ നോക്കി പഠിക്കാവുന്ന നൈപുണ്യമല്ല. അതോടൊപ്പം തന്നെ സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബുകൾ ഡിജിറ്റൽ മൾട്ടീമിഡിയ ലാംഗ്വേജ് ലാബുകളായികൂടി ഉപയോഗപ്പെടുത്താവുന്നതാണ്. ഭാഷാപഠനത്തിൽ ഏറെ സഹായകമാകുന്ന പദ്ധതിയായിരിയ്ക്കും അത്. ഇംഗ്ലീഷ് ഭാഷാ

പ്രാവീണ്യത്തിലെ പോരായ്മയുടെ പേരിലാണ് സർക്കാർ സ്കൂളുകൾ ഏറ്റവും പഴി കേൾക്കുന്നത്. അതിനൊരു പ്രതിവിധികൂടിയാണ് ലാംഗ്വേജ് ലാബുകൾ. അവ ഹിന്ദി പഠനത്തിനും ഇതരഭാഷാ പഠനത്തിനും സമർത്ഥമായി ഉപയോഗിക്കാം. സോഫ്റ്റ്‌വെയർ ഒന്നുമതി. ഉള്ളടക്കം (content) വ്യത്യസ്തമായി ലഭ്യമാക്കിയാൽ മലയാളമുൾപ്പെടെ എല്ലാ ഭാഷകളും മികച്ച രീതിയിൽ പഠിക്കാൻ സാധിക്കും. ഇംഗ്ലീഷ് മാധ്യമത്തോട് നമുക്ക് എതിർപ്പായിരുന്നു. പക്ഷെ മിക്ക സർക്കാർ സ്കൂളുകളും നിലനിൽപ്പിനായി ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ തുടങ്ങി എന്നതാണ് കൗതുകകരം. ചെറുപ്പത്തിലെതന്നെ ശരിയായ ഉച്ചാരണം, കേൾക്കാനും പറഞ്ഞു ശീലിക്കാനും കുട്ടികൾക്ക് അവസരം കിട്ടണമെന്ന യാഥാർത്ഥ്യം ഇന്നെല്ലാവരും മനസ്സിലാക്കുന്നു. കണക്കിലെയും ശാസ്ത്രവിഷയങ്ങളിലെയും സാങ്കേതിക പദങ്ങൾ മുഴുവൻ മലയാളീകരിച്ചാണ് ഇന്ന് കുട്ടികൾ പഠിക്കുന്നത്. മലയാളത്തോടൊപ്പം ഇംഗ്ലീഷ് പദം കൂടി ബ്രാക്കറ്റിൽ കൊടുക്കുന്ന രീതി പഴയ ടെക്സ്റ്റ് ബുക്കുകളിൽ ഉണ്ടായിരുന്നതുകൊണ്ട് ഉപരിപഠനത്തിന് കോളേജിൽ പോകുന്നവർക്ക് അന്ന് ശാസ്ത്രീയ പദങ്ങൾ പരിചിതമായിരുന്നു. ഇന്നതില്ല. ഇക്കാര്യം കണക്കിലെടുത്ത് ഐ.ടി പാഠപുസ്തകങ്ങൾ ഉണ്ടാക്കിയപ്പോൾ മലയാള പരിഭാഷയ്ക്കൊപ്പം ഇംഗ്ലീഷ് പദം കൂടി നൽകിയതിനാൽ ഒരു കുട്ടിയ്ക്കും ഉപരിപഠനത്തിൽ അത്തരം പദങ്ങൾ ബുദ്ധിമുട്ടായില്ല. പ്ലസ്ടു ക്ലാസുകളിൽ ചേരുന്ന കുട്ടിയ്ക്ക് ഈ ബുദ്ധിമുട്ട് ഇന്നനുഭവപ്പെടുന്നുണ്ട്. മറ്റ് വിഷയങ്ങളുടെ പുസ്തകങ്ങളിലും ഈ രീതി പിന്തുടരുന്നത് വളരെ നന്നായിരിക്കും.

തമിഴ്നാട്ടിൽ പ്രവൃത്തി പരിചയ പിരീഡിന്റെ പേര് ലൈഫ് ഓറിയന്റഡ് എഡ്യൂക്കേഷൻ (LOE) എന്നാണ്. (എസ്.കെ. യാദവ്, എൻ.സി.ഇ.ആർ.ടി: 'ദശവർഷ പാഠ്യപദ്ധതിയെക്കുറിച്ചുള്ള ദേശീയപഠനം') വളരെ അർത്ഥവത്തായ ഒരു പേരാണിത്. നാം അതിനെ തൊഴിൽ പരിശീലനം, എസ്.യു.പി.ഡബ്ല്യു തുടങ്ങി പല പേരിൽ വിളിച്ചു. പക്ഷെ ഉണ്ടായിരുന്ന ക്രാഫ്റ്റ് അധ്യാപകരും തയ്യൽ ടീച്ചർമാരും ഇന്ന് ഇല്ലാതായി. സംഗീതവും ഡ്രോയിംഗും ഇല്ലാതായി. കലോൽസവ ജേതാക്കളെ സൃഷ്ടിക്കുകയല്ല നമ്മുടെ ലക്ഷ്യം. ഇളം മനസ്സുകളിൽ സർഗാത്മകത ഉണർത്തുകയും പ്രവർത്തനോത്സുകത വളർത്തുകയും ചെയ്യുക എന്നതാണ്. എല്ലാ സ്കൂളിലും നല്ല ഒരു സംഗീതമുറി, സംഗീതോപകരണങ്ങൾ ഇവയൊക്കെ വേണം. ടീച്ചറും വേണം. പ്രാദേശിക കലാ സമിതികളുടെയും കലാകാരൻമാരുടേയും സഹായത്തോടെ വായ്പാട്ടും ഉപകരണ സംഗീതവും ഗാനമേളയുമൊക്കെ

പഠിക്കട്ടെ. തീർച്ചയായും സംഗീത മുഖരിതമായ അന്തരീക്ഷം നമ്മുടെ കുട്ടികളുടെ സ്വഭാവത്തെയും മനസ്സിനെയും ആർദ്രമാക്കും.

യൂത്ത് ഫെസ്റ്റിവലിനു വേണ്ടി പഠിക്കുന്നതിനു പകരം മാസത്തിൽ ഒരു ദിവസം 2-3 മണിക്കൂർ കുട്ടികൾക്ക് അവരുടെ കഴിവുകൾ തെളിയിക്കാനായി 'സർഗോത്സവം' നടപ്പിലാക്കേണ്ടതുണ്ട്. പെയിന്റിങ്ങിലും സ്കൾപ്ചറിലും മ്യൂസിക്കിലും ക്രാഫ്റ്റിലും വിദഗ്ധരെ കൊണ്ടുവന്ന് ശില്പശാലകൾ നടത്താൻ സ്കൂളുകൾ മുന്നോട്ട് വരണം. ശിൽപശാലകളിലൂടെ കണ്ടെത്തുന്ന പ്രതിഭാധനരായ കുട്ടികളെ നാം സ്കോളർഷിപ്പോടുകൂടി അതിനായുള്ള പ്രത്യേക പരിശീലനം നൽകി ദേശീയ-അന്തർദേശീയ മേളകളിലേക്ക് അയയ്ക്കാൻകഴിയണം.

പല സ്കൂളുകളും പച്ചക്കറിത്തോട്ടങ്ങൾ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്. വിവിധ ഗവൺമെന്റ് ഏജൻസികൾക്ക് ഓർഗാനിക് ഫാംമിംഗിനെ സഹായിക്കാൻ കഴിയും. തൊഴിൽ പരിശീലനം എന്നതിലുപരി 12,000 സ്കൂളുകൾക്ക് കീടനാശിനിയില്ലാത്ത പച്ചക്കറികൾ ഉല്പാദിപ്പിക്കാൻ കഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തിന്റെ പച്ചക്കറി ക്ഷാമം ഒരതിർത്തിവരെ പരിഹരിക്കാൻ കഴിയും. ഇത് ലാഭകരമായി ചെയ്യാൻ കഴിഞ്ഞാൽ താല്പര്യമുള്ള സ്കൂളുകൾക്ക് സ്ഥലം ലീസിനെടുത്ത് പച്ചക്കറി ഉല്പാദനം വിപുലപ്പെടുത്താം. സംരംഭകത്വത്തിന്റെയും ഉത്പാദനത്തിന്റെയും മാർക്കറ്റിന്റെയും ഒക്കെ അടിസ്ഥാന പാഠങ്ങൾ കുട്ടികൾ പ്രായോഗികമായി പഠിക്കാൻ ഇത് സഹായകമാകും. ഓരോ ക്ലാസും അവരുടെ പ്രവൃത്തി പരിചയ പിരീഡ് ഇതിനായി ഉപയോഗിച്ചാൽ മതി.

പല ഗവൺമെന്റ് സ്കൂളുകളും അവരുടെ കമ്പ്യൂട്ടറുകളും നന്നാക്കാൻ സഹായം ആവശ്യപ്പെട്ട് ഡി.പി.ഐയെ സമീപിക്കാറുണ്ട്. ഒരു പ്രദേശത്ത് ഒരു വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിനെ കമ്പ്യൂട്ടർ റിപ്പയറിംഗ് സെന്റർ ആക്കിയാൽ അടുത്തുള്ള മറ്റു സ്കൂളിലെ കമ്പ്യൂട്ടർ കുറഞ്ഞ ചെലവിൽ നന്നാക്കിയെടുക്കാനും കുട്ടികൾക്ക് ഹാർഡ്‌വെയർ റിപ്പയറിംഗിൽ പ്രായോഗിക പരിശീലനം ലഭ്യമാക്കാനും സാധിക്കും. ചെറിയ തകരാറുമൂലം ഉപേക്ഷിക്കപ്പെടുന്ന ഡെസ്ക്ടോപ്പും, ലാപ്ടോപ്പും ഇങ്ങനെ പ്രവർത്തന സജ്ജമാക്കാം. മൊബൈൽ മെയിന്റനൻസും ഇപ്രകാരം പാഠ്യവിഷയങ്ങൾ എന്ന നിലയിൽ ഏറ്റെടുത്ത് കുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകാം. ഇവ കുട്ടികൾക്ക് ഏറ്റവും താല്പര്യമുള്ള വിഷയങ്ങളാണ്.

ഇലക്ട്രോണിക് എക്യുപ്മെന്റ് മെയിന്റനൻസ് എടുക്കുന്ന സ്കൂളുകൾക്ക് ഇലക്ട്രോണിക് ചോക്ക്, ക്ലോക്ക്, ഇൻവെർട്ടറുകൾ തുടങ്ങി നിരവധി ഉപകരണങ്ങളുടെ മെയിന്റനൻസ് ഏറ്റെടുക്കാം.

ഇപ്രകാരം സ്കൂളിനും സമൂഹത്തിനും പകരം ആവശ്യമായ പ്രവർത്തനങ്ങളും സേവനങ്ങളും ഏറ്റെടുക്കുന്നതിലൂടെ വിദ്യാഭ്യാസത്തെ ജീവിത ബന്ധിയും പ്രായോഗികവുമാക്കി മാറ്റാം. പല സ്കൂളിനും മെഴുകുതിരി, ചോക്ക്, സോപ്പ്, ഡിറ്റർജന്റ് പൗഡർ, ഷാംപൂ മുതലായവ ഉല്പാദിപ്പിക്കാൻ കഴിയും.

നമ്മുടെ നാട്ടിൽ ഒരുവശത്ത് ആഹാരം കൂടിയതുകൊണ്ടുള്ള കുഴപ്പം, മറുവശത്ത് ആഹാരം ലഭിക്കാത്തതുകൊണ്ടുള്ള കുഴപ്പം. തിരുവനന്തപുരത്തെ ഒരു പ്രശസ്തമായ പെൺകുട്ടികളുടെ കോളേജിൽ ലോക രക്തദാനദിനത്തിന്റെ ഭാഗമായുള്ള ചടങ്ങിന് ചെന്നപ്പോൾ കണ്ടത് രക്തം നൽകാൻ സന്നദ്ധരായി വന്ന 214 പെൺകുട്ടികളിൽ 167 പേർ വിളർച്ചാരോഗം ഉള്ളവരാണെന്നാണ്. ആവശ്യത്തിന് ചുവന്ന രക്തകോശാണുക്കൾ അവരുടെ ശരീരത്തിലില്ല. ഇവരാണ് ഭാവിയിലെ അമ്മമാർ. ഇവർ പ്രസവിക്കുന്ന കുട്ടികളുടെ മാനസിക-ശാരീരിക ആരോഗ്യം എന്തായിരിക്കാം എന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് വളരെ ചെറുപ്പം മുതലേ നാം പ്രാമുഖ്യം കൊടുത്തില്ലെങ്കിൽ വികലമായ ശരീരവും മനസ്സുമുള്ള ഭാവി തലമുറയെയാണ് നാം സൃഷ്ടിക്കുന്നത് എന്ന് മനസ്സിലാക്കുക.

ഓർത്തുനോക്കൂ. കുട്ടികളെ അരകിലോമീറ്റർ അകലെയുള്ള സ്കൂളുകളിലേയ്ക്കും നാം വാഹനത്തിലേ അയയ്ക്കുന്നുള്ളൂ. സാധനം വാങ്ങാൻ വരുന്നവർ കടയുടെ തൊട്ടുമുൻപിൽ മാത്രം വാഹനം പാർക്കുചെയ്യുന്നു. നടക്കാൻ മടി. നമ്മുടെ സ്കൂൾ ഗ്രൗണ്ടുകൾ പ്രഭാത സവാരിക്കാർക്ക് തുറന്നു കൊടുക്കാൻ സാധിച്ചാൽ നഗരപ്രദേശത്തുള്ളവർക്ക് ശാന്തവും മാലിന്യമുക്തവുമായ അന്തരീക്ഷത്തിൽ നടക്കാനോ യോഗ ചെയ്യാനോ ഒക്കെ സാധിക്കും. നാലുപേർ ചെയ്യുമ്പോൾ അതുകണ്ട് പലരും ശരിയായ ആരോഗ്യശീലങ്ങൾ സ്വീകരിച്ചുതുടങ്ങും. സ്കൂളിനോട് ഒരു മമതാബോധം നാട്ടുകാരിൽ വളരും.

വിദ്യാഭ്യാസ അവകാശനിയമപ്രകാരം എട്ടാം ക്ലാസ് വരെ പരീക്ഷയോ തോൽവിയോ ഇല്ലാതിരിക്കെ ദിവസം ഒരു പിരീഡ് ഓരോ ക്ലാസിനും കായിക കളികളിൽ ഏർപ്പെടാനായി നീക്കിവയ്ക്കുന്നതിന് ഒരു തടസ്സവും ഇല്ല. കളിസ്ഥലമില്ലാത്ത സ്കൂളുകൾക്ക് അതുള്ള സമീപ സ്കൂളുകളെ ഉപയോഗപ്പെടുത്താം. ഇപ്രകാരം കേരളീയ വിദ്യാഭ്യാസ രംഗത്ത് ഒരു പുനർ നവീകരണ പ്രക്രിയ നടത്താൻ നാം ഓരോരുത്തരും മുന്നിട്ടിറങ്ങണം. 2008-ലെ എൻ.സി.ഇ.ആർ.ടി പഠനത്തിൽ കണ്ടത് കേരളം വിദ്യാഭ്യാസത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ 16-നും 20-നും ഇടയിലേയ്ക്ക് പിന്തള്ളപ്പെട്ട

അവസ്ഥയിലായിരുന്നു. മധ്യപ്രദേശിനും ഉത്തർപ്രദേശിനും രാജസ്ഥാനുമൊക്കെ പിന്നിൽ. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പ്രതാപം നമുക്ക് വീണ്ടെടുക്കേണ്ടതില്ലേ?

പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നതിലുപരി ഒരു സാധാരണ രക്ഷിതാവ് എന്ന നിലയിലും, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ നോക്കിക്കാണുന്ന ഒരാളെന്ന നിലയിലുമുള്ള എന്റെ വ്യക്തിപരമായ അഭിപ്രായങ്ങൾ പൊതുസമൂഹത്തിന്റെ സജീവ ചർച്ചക്കായി പങ്ക് വെക്കുന്നു.